**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 9** **10-06-2024 - ൽ മറുപടിയ്ക്ക്**

**സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ഓഫീസിന്റെയോ വിവരസാങ്കേതികവിദ്യാ വകുപ്പിന്റെയോ അനുമതിയോടെയാണോ സി-ഡിറ്റ്, സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ എന്ന കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) | സി.എം.ഒ. പോർട്ടലിന് വേണ്ടി സി-ഡിറ്റ്ആദ്യം നിർമ്മിച്ച സോഫ്റ്റ് വെയർ പി.എച്ച്.പി. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതായിരുന്നു. ഉപയോക്താക്കളുടെ (users) എണ്ണത്തിലുണ്ടായ വർദ്ധനവിനെത്തുടർന്ന് പി.എച്ച്.പി.ക്ക് പകരം ജാവാ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം സി.എം.ഒ.പോർട്ടലിന് വേണ്ടി ഉപയോഗിക്കാൻ തീരുമാനിക്കുകയുണ്ടായി. ഓസ്പിൻ ടെക്നോളജീസ് വികസിപ്പിച്ചതും ജാവ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമായ ഡിജിറ്റൽ ഫയൽഫ്ലോ സോഫ്റ്റ് വെയർ (DDFS) ഉപയോഗിച്ചു കൊണ്ട് നേരത്തെ സി-ഡിറ്റ് വികസിപ്പിച്ച പോർട്ടൽ ഡാറ്റാ സഹിതം മൈഗ്രേറ്റ് ചെയ്യുകയാണ് ഉണ്ടായത്. ഇതുൾപ്പെടെ സോഫ്റ്റ് വെയർ വികസനത്തിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. |
| (ബി) | സി.എം.ഒ പോർട്ടലിൽ സി-ഡിറ്റ് സ്വന്തമായി നിർമ്മിച്ച സോഫ്റ്റ്‌വെയർ മാറ്റി ഓസ്പിൻ എന്ന കമ്പനിയുടെ സോഫ്റ്റ്‌വെയർ സ്വീകരിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ; സോഫ്റ്റ്‌വെയർ മാറ്റുന്നതിന് തീരുമാനിച്ച മിനിട്സിന്റെ/ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സി.എം.ഒ. പോർട്ടലിന് വേണ്ടി സി-ഡിറ്റ്ആദ്യം നിർമ്മിച്ച സോഫ്റ്റ് വെയർ പി.എച്ച്.പി. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതായിരുന്നു. ഉപയോക്താക്കളുടെ (users) എണ്ണത്തിലുണ്ടായ വർദ്ധനവിനെത്തുടർന്ന് പി.എച്ച്.പി.ക്ക് പകരം ജാവാ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം സി.എം.ഒ.പോർട്ടലിന് വേണ്ടി ഉപയോഗിക്കാൻ തീരുമാനിക്കുകയുണ്ടായി. ഓസ്പിൻ ടെക്നോളജീസ് വികസിപ്പിച്ചതും ജാവ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമായ ഡിജിറ്റൽ ഫയൽഫ്ലോ സോഫ്റ്റ് വെയർ (DDFS) ഉപയോഗിച്ചു കൊണ്ട് നേരത്തെ സി-ഡിറ്റ് വികസിപ്പിച്ച പോർട്ടൽ ഡാറ്റാ സഹിതം മൈഗ്രേറ്റ് ചെയ്യുകയാണ് ഉണ്ടായത്. ഇതുൾപ്പെടെ സോഫ്റ്റ് വെയർ വികസനത്തിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (സി) | മുഖ്യമന്ത്രിയുടെ സി.എം.ഒ. പോർട്ടലുമായി ബന്ധപ്പെട്ട് നാളിതുവരെ ഓസ്പിൻ കമ്പനി എത്ര തുകയുടെ ഇൻവോയിസ് നൽകിയിട്ടുണ്ടെന്നും എത്ര തുക സി-ഡിറ്റ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഓസ്പിൻ എന്ന കമ്പനിയുടെ പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിലേക്ക് സി.എം.ഒ. ആപ്ലിക്കേഷൻ ബന്ധിപ്പിച്ചതിന്റെ സാമ്പത്തിക ബാധ്യത, ഡാറ്റാ ചോർച്ച, സ്വകാര്യ സോഫ്റ്റ്‌വെയർ കമ്പനി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയ ദൂരവ്യാപക പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കാൻ നിർദേശം നൽകുമോ; വിശദമാക്കുമോ? | (ഡി) | സി.എം.ഒ. പോർട്ടലിലെ ഫയൽ നീക്കത്തിനു വേണ്ടി സി-ഡിറ്റ് വാങ്ങിയ സോഫ്റ്റ് വെയർ പൂർണ്ണമായും സി-ഡിറ്റിന്റെ നിയന്ത്രണത്തിലാണ്. ഇത് സർക്കാരിന്റെ ഡേറ്റാ സെന്ററിൽ ആണ് വിന്യസിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Payments released to M/S. Ospyn Technologies for customisation of DDFS platform and Software Development, Migration of data and Maintenance/Support charges for CMO/CMDRF Portal | | | |
|---|---|---|---|
| **Name of Item** | **Period** | **Amount invoiced by M/s Ospyn (Rs) ,*** | **Amount paid to M/s Ospyn (Rs)** |
| Customisation charges - Phase 1 | 2018-19 | 2360000 | 2360000 |
| DDFS User License charges | 2019-20 | 9455576 ** | 4720000 |
| Customisation charges - Phase 2 | 2019-20 | 3020800 | 3020800 |
| Developer Support charges from November 2019 to January 2020 | 2019-20 | 311520 | 311520 |
| Technical support charges of two resources from April 2019 to June 2020 | 2019-20 | 1982400 | 1982400 |
| Additional Change-requests | 2019-20 | 415360 | 415360 |
| Technical Support charges (2 persons from April to June and One from July to December 2020) | 2020-21 | 915600 | 915600 |
| Additional Change requests | 2020-21 | 565928 | 389400 |

**All amounts include GST ** Only 50% payment released*